# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2441 . 08/12/2015-ൽ മറുപടിക്ക്

### ഭൂരഹിതരായ ആദിവാസികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരായ ആദിവാസികളെ കണ്ടെത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് അവസാനമായി വിവരങ്ങൾ ശേഖരിച്ചത് എപ്പോഴാണ് ; അതു പ്രകാരമുള്ള ഭൂരഹിത കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) | ഭൂരഹിതരായ ആദിവാസികളെ കണ്ടെത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് അവസാനമായി വിവരങ്ങൾ ശേഖരിച്ചത് 2014 ലാണ്. ഇതുപ്രകാരം സംസ്ഥാനത്ത് ആകെ 10,517 ഭൂരഹിത പട്ടികവർഗ്ഗകുടുംബങ്ങൾ ഉണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഭൂരഹിതർക്ക് വിവിധ പദ്ധതികളിലൂടെ എത്ര ഭൂമി ഈ സർക്കാർ വന്നതിനുശേഷം വിതരണം ചെയ്തിട്ടുണ്ട്; ഓരോ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണവും നൽകിയ ഭൂമിയുടെ അളവും ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | ഈ സർക്കാർ വന്നതിന് ശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ ഭൂമി വിതരണത്തിന്റെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. ആശിക്കും ഭൂമി ആദിവാസിയ്ക്ക് സ്വന്തം പദ്ധതി പ്രകാരം 524 ഗുണഭോക്താക്കൾക്ക് 183.901 ഏക്കർ ഭൂമിയും, റ്റി.ആർ.ഡി.എം. മുഖേന 651പേർക്ക് 549.64 ഏക്കർ ഭൂമിയും നൽകി. കൂടാതെ കെ.എസ്.റ്റി. ആക്ട് പ്രകാരം 785 പേർക്ക് 611.61 ഏക്കർ ഭൂമി റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്തു. |
| (സി) | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി സ്വയം കണ്ടെത്തുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ഭൂമി നൽകി ; എത്ര ഭൂമി നല്കി ; ഈ പദ്ധതിക്ക് എത്ര അപേക്ഷകൾ ലഭിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ; | (സി) | ഭൂരഹിതരായ ആദിവാസികൾക്ക് അവർതന്നെ കണ്ടെത്തുന്ന ഭൂമി നൽകുന്ന പദ്ധതി (ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം) പ്രകാരം സംസ്ഥാനത്ത് ആകെ 524 ഗുണഭോക്താക്കൾക്ക് 183.901 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. ലഭ്യമായ അപേക്ഷകൾ സംബന്ധിച്ച ജില്ല തിരിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഭൂമി വാങ്ങി നൽകിയില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ; ഈ പദ്ധതിക്കായി ഓരോ വർഷവും എത്ര രൂപ ബജറ്റിൽ ഉൾപ്പെടുത്തി ; എത്ര രൂപ ചെലവഴിച്ച ? | (ഡി) | ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതിയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത അപേക്ഷകർക്ക് ഭൂമി വാങ്ങി നൽകിയിട്ടില്ല. ഈ പദ്ധതിയ്ക്ക് ഓരോ വർഷവും 20 കോടി രൂപയാണ് വകയിരുത്തുന്നത്. |

| **വർഷം** | **ബഡ്ജറ്റ് വിഹിതം** | **ചെലവഴിച്ച തുക** |
|---|---|---|
| 2013-14 | 10,87,53,948 | 6,87,24,308 |
| 2014-15 | 20,00,00,000 | 24,09,92,176 |
| 2015-16 | 9,95,21,103 | 10,71,29,473 |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

## ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 16 |
| 2 | കൊല്ലം | 76 |
| 3 | പത്തനംതിട്ട | 128 |
| 4 | ആലപ്പുഴ | 212 |
| 5 | കോട്ടയം | 206 |
| 6 | ഇടുക്കി | 453 |
| 7 | എറണാകുളം | 194 |
| 8 | തൃശ്ശൂർ | 74 |
| 9 | പാലക്കാട് | 1826 |
| 10 | മലപ്പുറം | 733 |
| 11 | കോഴിക്കോട് | 301 |
| 12 | വയനാട് | 4913 |
| 13 | കണ്ണൂർ | 170 |
| 14 | കാസർഗോഡ് | 1215 |
| | ആകെ | 10517 |

R. [signature]
സെക്ഷൻ ഓഫീസർ

അനുബന്ധം 2

| ക്രമ നം. | ഓഫീസ് | പദ്ധതി | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | റ്റി.ആർ.ഡി.എം. | | ആശിക്കും ഭൂമി | | കെ.എസ്സ്.റ്റി. ആക്ട് (റവന്യൂ വകുപ്പ് മുഖേന) | | സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ഭൂവിതരണം | |
| | | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി |
| 1. | പ്രോജക്ട് ഓഫീസർ, നെടുമങ്ങാട് | 0 | 0 | | 0 | 0 | 0 | 0 | 0 |
| 2. | പ്രോജക്ട് ഓഫീസർ, കാഞ്ഞിരപ്പള്ളി | | | 5 | 0.25 ഏക്കർ | | | | |
| 3. | പ്രോജക്ട് ഓഫീസർ, തൊടുപുഴ | | | 7 | 4.058 ഏക്കർ | | | | |
| 4. | പ്രോജക്ട് ഓഫീസർ, നിലമ്പൂർ | | | 26 | 7.35 ഏക്കർ | | | | |
| 5. | പ്രോജക്ട് ഓഫീസർ, അട്ടപ്പാടി | | | 1 | 1 ഏക്കർ | 120 | 120 ഏക്കർ | | |
| 6. | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി, കൽപ്പറ്റ | | | 181 | 55.18 ഏക്കർ | 660 | 486.61 ഏക്കർ | | |
| 7. | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി, കണ്ണൂർ | 529 | 524.49 ഏക്കർ | | | | | | |
| 8. | റ്റി.ഡി.ഒ., പുനലൂർ (കൊല്ലം ജില്ല) | 14 | 5.668 ഏക്കർ | 20 | 5.339 ഏക്കർ | | | | |
| | റ്റി.ഡി.ഒ., പുനലൂർ (ആലപ്പുഴ ജില്ല) | 0 | 0 | 15 | 3.785 ഏക്കർ | | | | |

| ക്രമ നം. | ഓഫീസ് | പദ്ധതി | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | റ്റി.ആർ.ഡി.എം. | | ആശിക്കും ഭൂമി | | കെ.എസ്സ്.റ്റി. ആക്ട് (റവന്യൂ വകുപ്പ് മുഖേന) | | സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ഭൂവിതരണം | |
| | | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി |
| 9. | റ്റി.ഡി.ഒ., റാന്നി | 19 | 14.15 ഏക്കർ | 29 | 8.27 ഏക്കർ | | | | |
| 10. | റ്റി.ഡി.ഒ.,മൂവാറ്റുപുഴ | 89 | 5.34 ഏക്കർ | 10 | 2.76 ഏക്കർ | | | | |
| 11. | റ്റി.ഡി.ഒ., ചാലക്കുടി | | | 17 | 4.30 ഏക്കർ | 5 | 5 ഏക്കർ | | |
| 12. | റ്റി.ഡി.ഒ., പാലക്കാട് | | | 3 | 34 സെന്റ് | | | | |
| 13. | റ്റി.ഡി.ഒ.,കോഴിക്കോട് | | | 6 | 1.71 ഏക്കർ | | | | |
| 14. | റ്റി.ഡി.ഒ., ബത്തേരി | | | 95 | 35.68 ഏക്കർ | | | | |
| 15. | റ്റി.ഡി.ഒ., മാനന്തവാടി | | | 67 | 26.959 ഏക്കർ | | | 3 | 3 ഏക്കർ |
| 16. | റ്റി.ഡി.ഒ., കാസർഗോഡ് | | | 42 | 26.42 ഏക്കർ | | | | |
| | ആകെ | 651 | 549.648 ഏക്കർ | 524 | 183.901 ഏക്കർ | 785 | 611.61 ഏക്കർ | 3 | 3 ഏക്കർ |

സെക്ഷൻ ഓഫീസർ